**ഭരണഭാഷ-മാതൃഭാഷ**

**DTETVM/8100/2025-A5(AC) നമ്പർ മേലെഴുത്ത് തീയതി 06.12.2025**

മെഡിസെപ് രണ്ടാം ഘട്ടം 01.01.2026-ന്ന മുതൽ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ച സാഹചര്യത്തിൽ മെഡിസെപ് ഡാറ്റയിൽ അന്തിമമായി തിരുത്തലുകൾ/ കൂട്ടിച്ചേർക്കലുകൾ/ ഒഴിവാക്കലുകൾ ഗുണഭോക്താക്കൾക്ക് വരുത്താവുന്നതാണ് എന്ന് നിർദ്ദേശം നല്കിയിട്ടുള്ള 29.11.2025 തീയതിയായ 86/2025/ധന നമ്പർ സർക്കാർ പരിപത്രം വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന/ ഓഫീസ് മേധാവികളുടെയും അറിവിലേക്കും തുടർനടപടികൾക്കുമായി നൽകികൊള്ളുന്നു.

പ്രസ്തുത പരിപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള നിർദേശങ്ങളിൽ വീഴ്ച വരുത്തുന്ന പക്ഷം സ്ഥാപന/ഓഫീസ് DDO-മാർ ഈ കാര്യത്തിൽ പൂർണ ഉത്തരവാദികളായിരിക്കും എന്ന് അറിയിക്കുന്നു.

JAYAPRAKASH P
DIRECTOR

പകർപ്പ് :

1) വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന/ ഓഫീസ് മേധാവി (ഡി.ടി.ഇ വെബ്സൈറ്റ് മുഖേന)
2) കരുതൽ സഞ്ചയം

Signed by
Jayaprakash P
Date: 06-12-2025 16:28:35

# കേരള സർക്കാർ

## ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്

**പരിപത്രം**

**നം. 86/2025/ധന** **തിരുവനന്തപുരം, തീയതി: 29/11/2025**

**സർക്കുലർ**

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP)- രണ്ടാംഘട്ടം ആരംഭിക്കുന്നതിന് മുൻപായുള്ള വിവരശേഖരണം-സമയ പരിധി 10.12.2025 വരെ ദീർഘിപ്പിച്ചും ചില നിർദ്ദേശങ്ങൾ പരിഷ്കരിച്ചും-ഉടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1) സ.ഉ.(അച്ചടി)നം. 70/2022/ധന തീയതി 23/06/2022
2) സ.ഉ.(അച്ചടി)നം. 102/2025/ധന തീയതി 14/08/2025
3) സ.ഉ.(അച്ചടി)നം. 74/2025/ധന തീയതി 17/06/2025
4) സ.ഉ.(അച്ചടി)നം. 117/2025/ധന തീയതി 23/09/2025
5) സ.ഉ.(അച്ചടി)നം. 131/2025/ധന തീയതി 29/10/2025
6) സർക്കുലർ നം. 64/2025/ധന തീയതി 23/06/2025
7) കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷണേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി സമർപ്പിച്ചിട്ടുള്ള നിവേദനം
8) 07.11.2025 -ന ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന മീറ്റിംഗിന്റെ മിനുട്സ്

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായി സൂചന (1) പ്രകാരം നിലവിൽ വന്ന മെഡിസെപ് പദ്ധതിയുടെ ഒന്നാം ഘട്ടം 30.06.2025 -ന് അവസാനിച്ച സാഹചര്യത്തിൽ സൂചന (2) പ്രകാരം പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മെഡ് കാർഡിലുണ്ടാകുന്ന ന്യൂനതകൾ ഒഴിവാക്കുന്നതിലേയ്ക്കായി ജീവനക്കാർ/പെൻഷൻകാർ തങ്ങളുടെയും ആശ്രിതരുടെയും വ്യക്തിഗത വിവരങ്ങൾ തിരുത്തുന്നതിനും തങ്ങളുടെ നിലവിലുള്ള ആശ്രിതരെ മെഡിസെപ്പിൽ

ഉൾപ്പെടുത്തുന്നതിനും ആശ്രിതരുടെ പട്ടികയിൽ നിന്നും ആരെയെങ്കിലും നീക്കം ചെയ്യുന്നതിനുമുള്ള അപേക്ഷകൾ, ഡി.ഡി.ഒ./ട്രഷറി ഓഫീസർമാർ എന്നിവർക്ക് 10.09.2025 -ന മുൻപായി സമർപ്പിക്കേണ്ടതാണെന്നും ഇത്തരത്തിൽ 10.09.2025 -വരെ ലഭ്യമാകുന്ന അപേക്ഷകൾ 15.09.2025-നുള്ളിൽ ബന്ധപ്പെട്ട ഡി.ഡി.ഒ./നോഡൽ ഓഫീസർ/ട്രഷറി ഓഫീസർ/പെൻഷൻ ഓഫീസർമാർ പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്ത് വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതാണെന്നുള്ള നിർദ്ദേശം സൂചന (6) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

01.07.2022 മുതൽ ആരംഭിച്ച മെഡിസെപ് പദ്ധതിയുടെ ആദ്യ ഘട്ടം 30.06.2025-ന് അവസാനിച്ചതിനെതുടർന്ന് പദ്ധതിക്ക് ഭംഗം വരാത്ത രീതിയിൽ സൂചന (3) പ്രകാരം 30.09.2025 വരെയും സൂചന (4) പ്രകാരം 31.10.2025 വരെയും സൂചന (5) പ്രകാരം 31.12.2025 വരെയും ദീർഘിപ്പിച്ച് നല്കി ഉത്തരവായിട്ടുണ്ട്. മെഡിസെപ് രണ്ടാംഘട്ടം 01.01.2026 മുതൽ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ച സാഹചര്യത്തിലും ഡാറ്റ തിരുത്തൽ വരുത്തലിനു സമയം നീട്ടി നൽകണമെന്ന് സൂചന (7) പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും 10.12.2025 വരെ ഗുണഭോക്താക്കൾക്ക് അന്തിമമായി മെഡിസെപ് ഡാറ്റയിൽ തിരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ/ഒഴിവാക്കലുകൾ വരുത്താവുന്നതാണ്. ആയതിനാൽ നിലവിൽ സർക്കാർ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരും സേവനത്തിൽ നിന്നും വിരമിച്ച പെൻഷൻകാരും തങ്ങളുടേയും ആശ്രിതരുടേയും വ്യക്തിഗത വിവരങ്ങൾ തിരുത്തുന്നതിനും തങ്ങളുടെ നിലവിലുള്ള ആശ്രിതരെ മെഡിസെപിൽ ഉൾപ്പെടുത്തുന്നതിനും ആശ്രിതരുടെ പട്ടികയിൽ നിന്നും ആരെയെങ്കിലും നീക്കം ചെയ്യുന്നതിനുമുള്ള അപേക്ഷകൾ ജീവനക്കാർ ബന്ധപ്പെട്ട ഡി.ഡി.ഒ. -മാർക്കും പെൻഷൻ/കുടുംബ പെൻഷൻകാർ ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്കും 10.12.2025-ന മുൻപായി സമർപ്പിക്കേണ്ടതാണ്. ഡി.ഡി.ഒ./നോഡൽ ഓഫീസർ/ട്രഷറി ഓഫീസർ/ പെൻഷൻ ഓഫീസർമാർ പ്രസ്തുത അപേക്ഷ സ്വീകരിച്ച് 12.12.2025 -ന മുമ്പായി പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്ത് വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതാണ്.

സമയപരിധിക്ക് ശേഷം പ്രൊഫൈലിൽ വരുത്തുന്ന തിരുത്തലുകൾ മെഡിസെപ് ഐ.ഡി. കാർഡിൽ പ്രതിഫലിക്കുകയില്ല എന്ന് വിവിധ ഉത്തരവുകളിലൂടെയും പരിപത്രങ്ങളിലൂടെയും മുൻപും വ്യക്തമാക്കിയിട്ടുള്ളതാണ്. ജീവനക്കാരുടെ മെഡിസെപ് ഡാറ്റാ ഇൻഷ്വറൻസ് കമ്പനിക്കു നൽകിക്കഴിഞ്ഞതിനു ശേഷം അവരുടെ ഡാറ്റയിലെ തെറ്റുകൾ തിരുത്തുന്നതിനോ ആശ്രിതരെ (പുതുതായി വിവാഹം കഴിയുന്നവർ, നവജാത

ശിശുക്കൾ എന്നീ ആശ്രിതർ ഒഴികെ) ഉൾപ്പെടുത്തുന്നതിനോ അവസരം ഉണ്ടായിരിക്കുന്നതല്ല. വിവരശേഖരണവും അതുമായി ബന്ധപ്പെട്ട കൂട്ടിച്ചേർക്കലുകൾക്കും തിരുത്തലുകൾക്കുമായി നല്കിയിട്ടുള്ള കൃത്യമായ നിർദ്ദേശങ്ങൾ സമയബന്ധിതമായി നിർവഹിക്കാതെ അനുവദിച്ച സമയപരിധി കഴിഞ്ഞും ഡി.ഡി.ഒ. -മാരുടേയും ട്രഷറി ഓഫീസർമാരുടേയും സഹായത്തോടെ സ്റ്റാറ്റസ് റിപ്പോർട്ട് തിരുത്തൽ വരുത്തിയിട്ട് കാർഡ് ലഭ്യമായിട്ടില്ലായെന്ന പരാതി ഇനിമേൽ പരിഗണിക്കുന്നതല്ല. • അനുവദിച്ച സമയപരിധിയ്ക്കുള്ളിൽ തിരുത്തലുകൾ വരുത്തി VERIFY ചെയ്തതിനു ശേഷവും, എന്തെങ്കിലും സാങ്കേതിക പിഴവുകൾ നിമിത്തം മെഡിസെപ് കാർഡ് ഡൗൺലോഡ് ചെയ്യുവാൻ സാധിക്കാതെ വരുന്ന പക്ഷം, 1800-425-1857 എന്ന ടോൾ ഫ്രീ നമ്പറിലോ info.medisep@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട പെൻഷണർ മരണപ്പെട്ടാൽ ആശ്രിതൻ/ആശ്രിതയ്ക്ക് ഒരു വർഷത്തെ പ്രീമിയം ഒറ്റത്തവണയായി അടവാക്കി ഐച്ഛികാടിസ്ഥാനത്തിൽ മെഡിസെപ്പിൽ അംഗത്വം നേടാവുന്നതാണ്.

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് പ്രൊവിഷണൽ/ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ച ജീവനക്കാർക്ക് നിയമനം ക്രമപ്പെടുത്തിയ (regularise) ശേഷം മാത്രം മെഡിസെപ് അംഗത്വം നൽകിയാൽ മതിയെന്ന് സൂചന (8) പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**കെ. ആർ. ജ്യോതിലാൽ**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ.3232563)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ